# സ്ലേറ്റ്

**ഒറ്റ(പ്പെട്ട)വാക്ക്**

നിന്റെ നിഘണ്ടുവിൽ ഇല്ലാത്ത അർഥം നിഷേധിക്കപ്പെട്ട ആ ഒറ്റവാക്ക് ഞാനായിരുന്നു.

**ഷാനി മോപ്പിള**



## ആത്മഗതം

**അലി കടുകശ്ശേരി**

സ്വാതന്ത്ര്യദിനം,
റിപ്പബ്ലിക് ദിനം,
മെയ് ദിനം,

ഗാന്ധിജയന്തി,
അംബേദ്കർ ജയന്തി,
ശ്രീനാരായണഗുരു ജയന്തി...

മഹത് ദിനങ്ങളുടെ
പട്ടിക ഇനിയും, ഒരുപാട്
നീളുന്നു.

സർക്കാർ ജോലി
നേടിയതു വളരെ
നന്നായി.

ഇല്ലെങ്കിൽ,
പണിയെടുത്ത്,
ജീവിക്കേണ്ടി
വന്നേനെ!

## ബാക്കി

**നൗഷാദ് ബാബു**

പള്ളിക്കകം
മാർബിളിന്റെ മൃദുലത
വുളുവെടുക്കുന്നിടത്ത്
ടൈൽസിന്റെ മിനുസം
മിഹ്റാബിൽ കൊത്ത് പണികളുടെ
ശിൽപചാരുത

ഒന്നാം തീയതി
ശമ്പളം കൈപ്പറ്റിയ മുക്രിയുടെ
കണ്ണിൽ കണ്ണീര്
പലചരക്ക് കടയിൽ
കുടിശിക ഇനിയും ബാക്കി.

## ഹർത്താൽ! വീണ്ടും വരിക!

**പട്ട്യേരി കുഞ്ഞികൃഷ്ണൻ**
അടിയോടി കരിയാട്

സർക്കാർ ഓഫീസുകൾക്ക് വിശ്രമം.
വിദ്യാർഥികൾക്ക് മുദ്രാവാക്യ മൽസരം.
പാവം വ്യാപാരിക്ക് കഞ്ഞിയിൽ പാറ്റ
പോലീസുകാരന് ശിവരാത്രി
വിനോദസഞ്ചാരിക്ക് ഏകാദശി
കമ്പോളങ്ങളിൽ അടക്കലും തുറക്കലും
കെ എസ് ആർ ടി സി ബസുകൾക്ക്
വഴിയോരത്ത് ശ്മശാനം

അമ്മമാർക്ക് സീരിയൽ വസന്തം
ഭരണപക്ഷത്ത് വിമ്മിഷ്ടം
ഭരണക്കാർക്ക് ഏറെ ഇഷ്ടം
ഖജനാവിന് വൻ നഷ്ടം

ഹർത്താൽ , വീണ്ടും വരിക..
നന്ദി.. നമസ്കാരം..

